**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 2153**

**തീരക്കടലുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.എൻ. ഷംസീർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| | തീരക്കടലുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ ? | | ഉണ്ട്. കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രകാരം ത്രികോണാകൃതിയിൽ ഉള്ള കോൺക്രീറ്റ് ആകൃതികൾ തീരക്കടലിൽ പ്രകൃതിദത്തമായ പാറുകൾക്ക് സമീപം നിക്ഷേപിക്കുന്നു. ഇതു വഴി മത്സ്യസമ്പത്ത് ഇരട്ടിക്കുന്നതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br><br>കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള മറ്റൊരു പദ്ധതിയാണ് സീറാഞ്ചിംഗ് . ഈ പദ്ധതി പ്രകാരം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഹാച്ചറികളിൽ ഉല്പാദിപ്പിച്ച് കായലുകളിലും അഴിമുഖങ്ങളിലും നിക്ഷേപിക്കുന്നു. ഇതിലൂടെ മത്സ്യസമ്പത്ത് വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കൂടുകൃഷി പദ്ധതി ഉപയോഗപ്പെടുത്തി കടലിൽ കൂടുകൾ ഇറക്കി അതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തി പിടിച്ചെടുക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ